No: E 04/22

**ദൈവകൃപയാൽ**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ കീഴിലുള്ള യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ യുറോപ്പ് ഇടവകകളുടെ**
**ഡോ. കുര്യാക്കോസ് തെയോഫീലോസ് മെത്രാപ്പോലീത്ത.**

MALANKARA SYRIAN ORTHODOX CHURCH
THEOPHILOSE KURIAKOSE METROPOLITAN
EUROPE

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ യൂറോപ്പിലെ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും ഭരണസമിതി അംഗങ്ങൾക്കും ശേഷം ആത്മീയമക്കൾക്കും കർത്താവിൽ വാഴ്വ്.

പ്രിയരേ,

covid 19 എന്ന മഹാമാരിയിൽ നിന്നും ലോകം കരകയറി വരുന്ന ഒരു കാലഘട്ടം ആണല്ലോ ഇത്. ഈ കാലമത്രയും ദൈവം നൽകിയ സംരക്ഷണത്തേയും പരിപാലനയേയും ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഭദ്രാസന തലത്തിലും ഇടവക തലത്തിലുമുള്ള കൂടിവരവുകളും പ്രവർത്തനങ്ങളും നമുക്ക് ഏറെ പരിമിതപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നമ്മുടെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുവാൻ നമുക്ക് കഴിഞ്ഞിരുന്നു.

ഇപ്പോൾ സാഹചര്യങ്ങൾ മാറിവരുന്ന അവസരത്തിൽ എല്ലാവർക്കും അവരുടേതായ ഇടവകകളിൽ ഒരുമിച്ച് കൂടുവാനും, ദൈവത്തെ ആരാധിക്കാനുള്ളതുമായ അവസരങ്ങൾ ഉപയോഗിച്ച് കൊണ്ട് കൂടുതൽ ദൈവോന്മുഖരായി മാറുവാൻ എല്ലാവരും ശ്രദ്ധിക്കണം എന്ന് ഈ അവസരത്തിൽ നാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ ഭദ്രസനത്തിൻ കീഴിൽ പുതിയ കോൺഗ്രിഗേഷനുകളും, ഇടവകകളും പല രാജ്യങ്ങളിലും ക്രമീകരിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ജർമനിയിൽ ഹാനോവർ, ബെർലിൻ, മാൻഹയിം എന്നിവടങ്ങളിലും, ബൾഗേറിയയിലും പുതിയ കോൺഗ്രിഗേഷനുകൾ സ്ഥാപിതമായിട്ടുണ്ട്. ഇതിനു നേതൃത്വം നൽകിയ വൈദീകരെയും ദൈവമക്കളെയും നന്ദിയോടെ സ്മരിക്കുന്നു.

2022 മെയ് മാസം ആറാം തീയതി കൂടിയ ഭദ്രാസന കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം നമ്മുടെ ഭദ്രാസനത്തിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി. രണ്ടുപതിറ്റാണ്ടോളം അൽമായ സെക്രട്ടറിയായി ശുശ്രൂഷ ചെയ്യുകയും, യൂറോപ്പിൽ പരിശുദ്ധ സഭയുടെ വളർച്ചക്കുവേണ്ടി ബലഹീനനായ നമ്മോടൊപ്പം അക്ഷീണം പ്രവർത്തിക്കുകയും ചെയ്ത കമാൻഡർ ശ്രീ. ജോർജ് പടിക്കകുടി, ദീർഘകാലം വൈദീക സെക്രട്ടറിയായി മാതൃകാപരമായി ശുശ്രൂഷ ചെയ്ത ഭദ്രസന വൈദീക സെക്രട്ടറി വന്ദ്യ. ഡോ. തോമസ് ജേക്കബ് കശീശ്ശാ, നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്ത മുൻ ഭാരവാഹികൾ എന്നിവരെ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർത്ത് ദൈവ സന്നിധിയിൽ സമർപ്പിക്കുന്നു.

<u>**പുതിയ ഭാരവാഹികൾ**</u>

| | |
|---|---|
| ഭദ്രാസന സെക്രട്ടറി | : ഫാദർ ജോഷി വെട്ടിക്കാട്ടിൽ |
| ജോയിന്റ് സെക്രട്ടറി & പി.ആർ.ഓ. | : വർഗീസ് അബ്രഹാം (മ്യൂണിക്ക്) |
| ട്രഷറർ | : ശ്രീ. ബേസിൽ തോമസ് (ഹെർനെ) |
| ഓഡിറ്റർ | : ശ്രീ. സുതീഷ് മാത്യു (ഫ്രാങ്ക്ഫുർട്ട്) |

വനിതാ സമാജം വൈസ് വൈസ് പ്രസിഡന്റ് : ഫാദർ എൽദോസ് വട്ടപ്പറമ്പിൽ

യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് : ഫാദർ പോൾ പി. ജോർജ്ജ്

സൺഡേസ്കൂൾ വൈസ് പ്രസിഡന്റ് : ഫാദർ ജോഷി വെട്ടിക്കാട്ടിൽ,

സൺഡേസ്കൂൾ കോഡിനേറ്റർ : ഫാദർ നോമിസ് പതിയിൽ

പുതിയ ഭാരവാഹികളോട് ചേർന്നുനിന്ന് ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നമ്മുടെ ഇടവകകൾ സഹകരിച്ച് അനുഗ്രഹപ്രദമാക്കണം എന്ന് നിങ്ങളുടെ സ്നേഹത്തെ ഓർമ്മപ്പെടുത്തുന്നു. ഭദ്രാസനത്തിന്റെ സമൂലമായ ഉന്നമനത്തിനും വളർച്ചക്കും പുതിയ ഭരണ സമിതിയുടെ പ്രവർത്തനങ്ങൾ കാരണമാകട്ടെ എന്ന് ആശംസിക്കുന്നു.

വീണ്ടും പ്രിയരേ,

നമ്മുടെ ഭദ്രാസനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു ഫണ്ട് രുപീകരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും വാർഷികവരുമാനത്തിന്റെ 5 ശതമാനം (5%) ഭദ്രസന വിഹിതമായി നൽകേണ്ടതാണ്. അതിനു സാധിക്കാത്ത ഇടവകകൾ 250 യൂറോയിൽ കുറയാത്ത ഒരു സംഖ്യ താഴെ കൊടുത്തിരിക്കുന്ന ഭദ്രാസന അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. കൂടാതെ വർഷത്തിൽ ഒരു ഞായറാഴ്ചയിലെ കാണിക്ക ഭദ്രാസന പ്രവർത്തനങ്ങൾക്ക് വേണ്ടിയും പരി. പാത്രിയർക്കിസ് ബാവായുടെ റീശീസയുമായി അയച്ചു കൊടുക്കേണ്ടതാണ്.

A/c Name : Basil Thomas

A/c No. : DE 29300209005290969313

BIC : CMCIDEDDXXX

Moselstr.43, 47051 Duisburg

പുതിയ ഇടവകകളുടെ രുപീകരണത്തിനും, വി. ആരാധനക്കുമായി പോകുന്ന വൈദീകർക്ക് വരുന്ന യാത്ര ചിലവിനായി എല്ലാ കൗൺസിൽ മെമ്പർമാരും 100 യൂറോ സംഭാവനയായി നൽകാൻ തയ്യാറായി എന്നുള്ളത് ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടൊപ്പം വർത്തിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യക മർത്തമറിയം അമ്മയുടെയും ശ്ലീഹൻമാരിൽ തലവനായ പരിശുദ്ധ പത്രോസിന്റെയും ഭാരതത്തിന്റെ കാവൽ പിതാവായ മോർ തോമ്മാശ്ലീഹയുടെയും പ്രാർത്ഥനകളാൽത്തന്നെ, **ആമ്മീൻ**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.

ഉദയഗിരി സെമിനാരിയിൽ നിന്നും
2022 മെയ് മാസം 26–ാം തിയതി

ഡോ. കുര്യാക്കോസ് തെയോഫീലോസ്
മെത്രാപ്പോലീത്ത